8138
8/7/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് – ജീവനക്കാര്യം സീനിയർഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റന്റ് ശ്രീ.ബെന്നിജോസഫിന് വൈൽഡ് ലൈഫ് അസിസ്റ്റന്റ് ഗ്രേഡ് I ആയി പ്രൊബേഷൻ പൂർത്തിയാക്കിയ 26/7/2007 മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം. 303/2015/വനം തീയതി, തിരുവനന്തപുരം, 04/07/2015.

---

**പരാമർശം:** 1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24/09/2012-ലെ ഡി1-1744/2012 നം.നടപടി ഉത്തരവ്.

2. 20/6/2013-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഡി1-17411/2012 നമ്പർ കത്ത്.

3. 3/8/2013-ൽ നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ സീനിയർ ഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റന്റ് ആയി ജോലി ചെയ്തിരുന്ന ശ്രീ.ബെന്നി ജോസഫ് ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകി നിവേദനം

<u>ഉത്തരവ്</u>

നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറിയിലെ സീനിയർ ഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റൻറ് ആയ ശ്രീ. ബെന്നി ജോസഫിന് വൈൽഡ് ലൈഫ് അസിസ്റ്റൻറ് ഗ്രേഡ് I- ആയി പ്രൊബേഷൻ പൂർത്തിയാക്കിയ 26.07.2007 മുതൽ പ്രമോഷന് അർഹത നേടിയതിനാൽ 26.07.2007 മുതലുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം ടിയാൻ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു.

ഭരണം വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം 1 ഉത്തരവ് പ്രകാരം ശ്രീ. ബെന്നി ജോസഫിന് 26.07.2007 മുതൽ വൈൽഡ്ലൈഫ് അസിസ്റ്റൻറ് ഗ്രേഡ് - I ആയും 15.06.2011 മുതൽ സീനിയർ ഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റൻറ് ആയും റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീ. ബെന്നി ജോസഫിന് അനുവദിച്ച റേഷ്യോ പ്രൊമോഷൻ മൂലം ടിയാന്റെ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്തതിനാൽ 25.11.2010-ലെ ജി.ഒ.(പി). 629/10/ഫിൻ. ഉത്തരവ് പ്രകാരം പരാമർശം 1 ഉത്തരവ് തീയതിക്കു മുമ്പുള്ള ഒരു വർഷത്തേയ്ക്ക് മാത്രം സാമ്പത്തിക

ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ വെന്ന് സൂചന 2 പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) റിപ്പോർട്ട് ചെയ്തിരുന്നു.

2010-ലെ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം വൈൽഡ് ലൈഫ് അസിസ്റ്റന്റ് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസായിരിക്കണമെന്ന നിഗമനത്തിലാണ് വനം വകുപ്പിലെ വൈൽഡ് ലൈഫ് അസിസ്റ്റന്റ് ശ്രീ.ബെന്നി ജോസഫിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ താമസിച്ചത്. 30/08/2010-ൽ പുറപ്പെടുവിച്ച ഈ ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 2007 മുൻകാല പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തുകൊണ്ടും വനം വകുപ്പ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചുകൊണ്ടും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവു പ്രകാരം ഉത്തരവു തീയതിയ്ക്ക് മുമ്പുള്ള ഒരു വർഷക്കാലത്തേയ്ക്ക് മാത്രമേ സാമ്പത്തികാനുകൂല്യങ്ങൾ അനുവദിച്ചുള്ളൂ.

സർക്കാർ ഇക്കാര്യം വിശദമയി പരിശോധിച്ചു. ചട്ടങ്ങളുടെ തെറ്റായ വ്യാഖ്യാനം കൊണ്ടു മാത്രം അർഹതപ്പെട്ട സാമ്പത്തികാനുകൂല്യങ്ങൾ നിഷേധിക്കപ്പെടരുതെന്നും അധിക സാമ്പത്തിക ബാധ്യത ഗണ്യമല്ലാത്തതും കണക്കിലെടുത്ത് ശ്രീ.ബെന്നി ജോസഫിന് പ്രൊമോഷൻ വഴിയുള്ള സാമ്പത്തികാനുകൂല്യങ്ങൾ പ്രൊമോഷൻ പ്രാബല്യതീയതിയായ 26/7/2007 മുതൽ പ്രത്യേക കേസായി പരിഗണിച്ച് ഇതിനാൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ,**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
ശ്രീ.ബെന്നി ജോസഫ്, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഐ & വെബ്മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.